15 -ാം കേരള നിയമസഭ

1 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 113 — 10-06-2021 - ൽ മറുപടിയ്ക്ക്

## അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ് | | Shri. K. Rajan<br>(റവന്യൂം ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കുന്നതിനും അത് ഭൂമിയില്ലാത്തവർക്ക് പതിച്ച് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; | (എ) | കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അപ്രകാരം ഒഴിപ്പിച്ചെടുക്കുന്ന ഭൂമിയിൽ പതിവിന് യോഗ്യമായുള്ള ഭൂമി 1960 ലെ കേരള ഭൂമി പതിവ് നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായും പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | അനധികൃത കയ്യേറ്റം സമയബന്ധിതമായി കണ്ടുപിടിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം സമയബന്ധിതമായി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് 1957 ലെ കേരള ഭൂസംരക്ഷണ നിയമത്തിലെയും 1958 ലെ കേരള ഭൂമി സംരക്ഷണ ചട്ടത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10.09.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3778/18/റവ പ്രകാരം ജില്ലാതലത്തിലും താലൂക്ക് തലത്തിലും മോണിറ്ററിങ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതു അവധി ദിവസങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം കണ്ടെത്തുന്ന പക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായി തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേക്കായി ലാൻഡ് റവന്യൂ |

| | | | |
|---|---|---|---|
| | | | കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽ വഴിയും തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ